# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ക്രിയാത്മകമായ മാറ്റങ്ങൾ രാജ്യത്ത് സൃഷ്ടിക്കാൻ നിർമ്മിത ബുദ്ധിയിലൂടെ സാധിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
   President Droupadi Murmu has said that Artificial Intelligence is not just a technology but an opportunity to bring positive changes in the country
2) ഡി.ആർ.ഡി.ഒ വികസിപ്പിച്ച ആയുധങ്ങൾ ഓപ്പറേഷൻ സിന്ദൂറിലടക്കം നിർണായക പങ്ക് വഹിച്ചതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്.
   DRDO-developed weapons played decisive role during Op Sindoor says Defence Minster Rajnath Singh.
3) രാജ്യത്തെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ ഈ മാസം സർവീസ് ആരംഭിക്കും. ട്രെയിൻ സർവീസിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിക്കും.
   Railways Minister Ashwini Vaishnaw has announced that the country's first Vande Bharat sleeper train will operate between Guwahati and Kolkata soon. Prime Minister Narendra Modi will inaugurate this train.

4) തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിച്ച എല്ലാ സ്ഥാനാർത്ഥികളും ജനുവരി 12 നകം ചെലവ് കണക്ക് ഓൺലൈനായി സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

   State Election Commission annouced that the candidates who have contested in the Kerala Local Body Elections must submit their expenditure statement by January 21.

5) ലേബർ കോഡുമായി ബന്ധപ്പെട്ട കരട് ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു.

   Centre notifies draft rules for four new Labour Codes, seeks public feedback.

6) രാജ്യവ്യാപകമായി വൈഫൈ കോളിങ്ങ് സേവനങ്ങൾ ആരംഭിച്ച് ബി.എസ്.എൻ.എൽ.

   Bharat Sanchar Nigam Limited (BSNL) today announced the nationwide roll-out of Voice over WiFi (VoWiFi), also known as Wi-Fi Calling services.

**************

## <u>PREZ (ഇൻട്രോ)</u>

നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യ എന്നതിലുപരി, ക്രിയാത്മകമായ മാറ്റങ്ങൾ രാജ്യത്ത് സൃഷ്ടിക്കാനുള്ള അവസരമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഇന്ത്യ എ.ഐ മിഷനിലൂടെ, നിർമിത ബുദ്ധി രംഗത്തെ ആഗോള കേന്ദ്രമാക്കി രാജ്യത്തെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നതായും ***സ്കില്ലിംഗ് ഫോർ AI റെഡിനെസ്*** പരിപാടിയെ അഭിസംബോധന ചെയ്തുകൊണ്ട് രാഷ്ട്രപതി പറഞ്ഞു. രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിലാണ് പരിപാടി നടന്നത്. രാജ്യത്തിൻറെ വരും ദശകത്തിലെ മൊത്തം ആഭ്യന്തര ഉത്പാദനം, തൊഴിലവസരങ്ങൾ എന്നിവയിൽ എ.ഐ സാങ്കേതിക വിദ്യയ്ക്ക് സുപ്രധാന പങ്ക് വഹിക്കാനാകുമെന്നും ശ്രീമതി മുർമു പറഞ്ഞു.

(ഹോൾഡ്)

**************

## VAISHNAW-VANDE BHARAT (ഇൻട്രോ)

രാജ്യത്തെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ ഗുവാഹത്തിക്കും കൊൽക്കത്തയ്ക്കുമിടയിൽ ഈ മാസം തന്നെ സർവീസ് ആരംഭിക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ട്രെയിൻ സർവീസിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിക്കുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. തദ്ദേശീയമായി രൂപകൽപ്പന ചെയ്ത വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിൽ ദീർഘദൂര യാത്രകൾക്ക് യോജിച്ചവിധം അത്യാധുനികമായി സജ്ജീകരിച്ച 16 കോച്ചുകളാണുള്ളത്. തേർഡ് എസിക്ക് ഭക്ഷണത്തോടെ രണ്ടായിരത്തി മുന്നൂറ് രൂപയ്ക്കടുത്തും, സെക്കൻഡ് എസിക്ക് മൂവായിരം രൂപയും ഫസ്റ്റ് എസിക്ക് മൂവായിരത്തി ആറുനൂറ് രൂപയുമാണ് ടിക്കറ്റ് നിരക്ക്.
(ഹോൾഡ്)

**************

## RAJNATH-DRDO DAY

ഡി.ആർ.ഡി.ഒ വികസിപ്പിച്ച ആയുധങ്ങൾ ഓപ്പറേഷൻ സിന്ദൂറിലടക്കം നിർണായക പങ്ക് വഹിച്ചതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്. 68-മത് DRDO സ്ഥാപക ദിനത്തിൽ ന്യൂഡൽഹിയിലെ DRDO ആസ്ഥാനം സന്ദർശിക്കുകയായിരുന്നു അദ്ദേഹം. സായുധ സേനയ്ക്കായി തദ്ദേശീയമായി വികസിപ്പിച്ച സാങ്കേതിക വിദ്യയിലൂടെ രാജ്യത്തിൻറെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കാനും സ്ഥാപനത്തിന് സാധിച്ചു. സുദർശന ചക്ര വ്യോമ പ്രതിരോധ സംവിധാനം വികസിപ്പിക്കുന്നതിലടക്കം DRDO നിർണായക പങ്ക് വഹിക്കുന്നതായും അദ്ദേഹം പറഞ്ഞു. മാറുന്ന സാങ്കേതിക വിദ്യകൾക്ക് അനുസൃതമായി പുതിയ കണ്ടെത്തലുകൾ നടത്താൻ ശ്രമം തുടരണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

**************

## Labour Codes

രാജ്യത്ത് പ്രാബല്യത്തിൽ വന്ന നാല് പുതിയ ലേബർ കോഡുമായി ബന്ധപ്പെട്ട കരട് ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു. ഇത് സംബന്ധിച്ച എതിർപ്പുകളും അഭിപ്രായങ്ങളും പങ്കുവയ്ക്കാൻ 45 ദിവസത്തെ സമയം അനുവദിച്ചിട്ടുണ്ട്. രാജ്യത്ത് നിലനിന്നിരുന്ന ദശാബ്ദങ്ങൾ പഴക്കമുള്ള തൊഴിൽ നിയമങ്ങൾക്ക് പകരമാണ് 2025 നവംബർ 21 മുതൽ പുതിയ ലേബർ കോഡ് നിലവിൽ വന്നത്.

**************

## Pradhan Mantri Matru Vandana Yojana

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടിയുള്ള കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി മാതൃ വന്ദന യോജന ഇന്ന് ഒൻപത് വർഷം പൂർത്തിയാക്കി. 2017 ജനുവരി 1 ന് ആരംഭിച്ച പദ്ധതിയിലൂടെ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യവും പോഷകാഹാരവും മെച്ചപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നു. ആദ്യ കുഞ്ഞിന് അയ്യായിരം രൂപയും രണ്ടാമത്തെ പെൺകുട്ടിക്ക് ആറായിരം രൂപയുമാണ് ധനസഹായം ലഭിക്കുന്നത്. നാല് കോടി 50 ലക്ഷം ഗുണഭോക്താക്കൾ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

**************

## YEAR ENDER

ഇന്ത്യയുടെ വികസനയാത്രയിലെ നിർണായക അധ്യായമായിരുന്നു 2025. കായിക രംഗത്ത് രാജ്യം കൈവരിച്ച നേട്ടങ്ങളാണ് പരിഷ്കരണങ്ങളുടെ വർഷം എന്ന പരമ്പരയിൽ ഇന്ന് പരിചയപ്പെടുത്തുന്നത്. 2025-26 കാലയളവിൽ 3,700 കോടി രൂപയുടെ റെക്കോഡ് വിഹിതമാണ് കേന്ദ്രസർക്കാർ കായിക മേഖലയ്ക്കായി അനുവദിച്ചത്. ദേശീയ കായിക നയത്തിനും 2025 ൽ അംഗീകാരം നൽകി. സ്ക്വാഷ് ലോകകപ്പിലും, ഐസിസി വനിത ക്രിക്കറ്റ് ലോകകപ്പിലും, ഐസിസി ചാമ്പ്യൻസ് ട്രോഫിയിലുമടക്കം മെഡൽ നേടാൻ ഇന്ത്യൻ ടീമിനായി. ബോക്സിങ് ലോകകപ്പിലും,

ഏഷ്യൻ യൂത്ത് ഗെയിംസിലും മിന്നും പ്രകടനമാണ് ഇന്ത്യൻ താരങ്ങൾ കാഴ്ച വച്ചത്.

**************

## Local Poll Expenditure

തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിച്ച എല്ലാ സ്ഥാനാർത്ഥികളും ജനുവരി 12 നകം തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഓൺലൈനായി സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. നിശ്ചിത സമയത്തിനകം കണക്ക് സമർപ്പിക്കാത്തവരെ അംഗമായി തുടരുന്നതിനും, തദ്ദേശതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും അയോഗ്യരാക്കുമെന്നും കമ്മീഷൻ അറിയിച്ചു. പത്രികാസമർപ്പണം മുതൽ വോട്ടെണ്ണൽ വരെ നടത്തിയ ചെലവ് കണക്കാണ് നൽകേണ്ടത്. അതത് തദ്ദേശസ്ഥാപനസെക്രട്ടറിമാർക്ക് നേരിട്ടും കണക്ക് നൽകാം.

**************

## CM (Intro)

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള 207 വീടുകളുടെ വാർപ്പ് പൂർത്തിയായതായി മുഖ്യമന്ത്രി പിണറായി വിജയൻ. മുന്നൂറോളം വീടുകൾ ഫെബ്രുവരിയിൽ ഗുണഭോക്താക്കൾക്ക് കൈമാറാനാണ് ലക്ഷ്യമിടുന്നതെന്നും വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി അറിയിച്ചു. ഭാവിവികസനത്തിനുള്ള നിർദ്ദേശങ്ങളും ആശയങ്ങളും പൊതുജനങ്ങളിൽ നിന്നും സ്വരൂപിക്കുന്നതിനായി സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാമിന് സംസ്ഥാന സർക്കാർ ഇന്ന് തുടക്കം കുറിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.
(ഹോൾഡ്)

**************

## VANDE MATARAM-AKASHVANI

ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ രണ്ട് വ്യത്യസ്ത ആലാപനങ്ങൾ പ്രസാർ ഭാരതി സിഇഒ ഗൗരവ് ദ്വിവേദി ന്യൂഡൽഹിയിൽ പുറത്തിറക്കി. വന്ദേമാതരത്തിൻറെ 150 ാാം

വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് ഡിജിറ്റൽ പതിപ്പുകൾ പുറത്തിറക്കിയത്. ആകാശവാണി അവതരിപ്പിക്കുന്ന 25 ആലാപനങ്ങളിലെ ആദ്യ ഗാനങ്ങളാണ് കർണാടക, ഹിന്ദുസ്ഥാനി ശൈലികളിൽ ഇന്ന് പുറത്തിറക്കിയത്. വന്ദേമാതരം ദേശഭക്തി ഗാനം എന്നതിനപ്പുറം ദേശീയ ഐക്യത്തിൻറെയും അഖണ്ഡതയുടേയും പ്രതീകമാണെന്ന ശ്രീ ഗൗരവ് ദ്വിവേദി പറഞ്ഞു.

**************

## BSNL-VO WIFI

രാജ്യവ്യാപകമായി വൈഫൈ കോളിങ്ങ് സേവനങ്ങൾ ആരംഭിച്ച് ബി.എസ്.എൻ.എൽ. മൊബൈൽ സിഗ്നലുകൾ കുറഞ്ഞ പ്രദേശങ്ങളിൽ വൈഫൈ കണക്ഷൻ ഉപയോഗിച്ച് വോയ്സ് കോളുകളും, മെസ്സേജും ചെയ്യാൻ ഉപഭോക്താക്കൾക്ക് ഇതിലൂടെ സാധിക്കും. രാജ്യത്തെ എല്ലാ ടെലികോം സർക്കിളുകളിലും സേവനം ലഭ്യമാണ്. ഗ്രാമീണ, വിദൂര മേഖലകളിൽ വോയ്സ് ഓവർ വൈഫൈ സേവനം ഏറെ പ്രയോജനം ചെയ്യുമെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രാലയം അറിയിച്ചു.

**************

## LPG PRICE HIKE

രാജ്യത്ത് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന എൽ.പി.ജി സിലിണ്ടറിൻറെ വില 111 രൂപ വർദ്ധിപ്പിച്ച് എണ്ണവിതരണ കമ്പനികൾ. പുതുക്കിയ വില ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു. ഗാർഹിക എൽപിജി സിലിണ്ടറുകളുടെ വിലയിൽ മാറ്റമില്ല.

**************

## GST COLLECTION - DECEMBER

രാജ്യത്ത് ഡിസംബർ മാസത്തിലെ ജി.എസ്.ടി നികുതി വരുമാനത്തിൽ മുൻവർഷത്തേക്കാൾ 6.1 ശതമാനം വർദ്ധന. ഒരു ലക്ഷത്തി 75,000 കോടി രൂപയ്ക്കടുത്താണ് കഴിഞ്ഞ മാസത്തെ മൊത്തം ജി.എസ്.ടി വരുമാനം. 2024 ൽ ഇത് ഒരു ലക്ഷത്തി 64,000 കോടി രൂപയായിരുന്നു.

**************

**VICE PRESIDENT**

രണ്ടുദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ തമിഴ്നാട്ടിലെത്തും. ചെന്നൈ ഡോ. എം.ജി.ആർ വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് 34-ാമത് ബിരുദദാന ചടങ്ങിലും, രാംനാഥ് ഗോയങ്ക സാഹിത്യ സമ്മാൻ ചടങ്ങിലും ഉപരാഷ്ട്രപതി നാളെ പങ്കെടുക്കും. ലോക് ഭവനിൽ ഉപരാഷ്ട്രപതിയ്ക്ക് പൗര സ്വീകരണവും നൽകും.

**************

**RAJNATH – B'DESH HIGH COMMISSION**

രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിലെ ബംഗ്ലാദേശ് ഹൈക്കമ്മീഷൻ സന്ദർശിച്ചു. മുൻ ബംഗ്ലാദേശ് പ്രധാനമന്ത്രി ബീഗം ഖാലിദ സിയയുടെ വിയോഗത്തിൽ രാജ്യത്തിന്റെ അഗാധമായ ദുഃഖം അദ്ദേഹം രേഖപ്പെടുത്തി.

**************

**INDIA PAKISTAN PRISONERS**

ഇന്ത്യയും പാകിസ്ഥാനും കസ്റ്റഡിയിലുള്ള സിവിലിയൻ തടവുകാരുടെയും മത്സ്യത്തൊഴിലാളികളുടെയും പട്ടിക പരസ്പരം കൈമാറി . 391 സിവിൽ തടവുകാരുടെയും 33 മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങളാണ് ഇന്ത്യ കൈമാറിയത്. 58 സിവിൽ തടവുകാരുടെയും 199 മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ പാകിസ്ഥാനും കൈമാറി.

**************

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ ചാഞ്ചാട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 32 പോയിന്റ് നഷ്ടത്തിൽ 85,189 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 17 പോയിന്റ് ഉയർന്ന് 26,147 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കൂടി. പവന് 120 രൂപ കൂടി 99,040 രൂപയും ഗ്രാമിന് 12,380 രൂപയുമാണ് ഇന്നത്തെ വില.

**************

## REV. MAMDANI-NY CITY MAYOR

ഇന്ത്യൻ വംശജനായ സൊഹ്റാൻ മംദാനി ന്യൂയോർക്ക് മേയറായി സത്യപ്രതിജ്ഞ ചെയ്തു. മാൻഹട്ടനിലെ ഓൾഡ് സിറ്റി ഹാൾ സബ്-വേ സ്റ്റേഷനിലായിരുന്നു സത്യപ്രതിജ്ഞ. ഇതോടെ ന്യൂയോർക്ക് നഗരത്തിൻറെ ആദ്യത്തെ മുസ്‌ലിം മേയറായി 34 കാരനായ മംദാനി മാറി.

**************

********

***